സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 48 2025 മെയ് 03 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ചൈനയിൽ സ്വർണവ്യാപരം നടക്കുന്നില്ല; ചാഞ്ചാടി രാജ്യാന്തര വില

കൊച്ചി: രാജ്യാന്തര വിലയിൽ കയറ്റിറക്കങ്ങൾ കാണിക്കുമ്പോഴും മാറ്റമില്ലാതെ കേരളത്തിലെ സ്വർണ വില. പവന് 70,400 രൂപയാണ് ഇന്നത്തെ വില. യുഎസും ചൈനയും തമ്മിലുള്ള വ്യാപാര യുദ്ധം കുറയുന്നതിന്റെ സൂചനയ്ക്കിടെ കഴിഞ്ഞാഴ്ചകളിലായി സ്വർണ വില കുറയുകയാണ്.

പ്രധാന വ്യാപാരിയായ ചൈനയിലെ അവധിയും സ്വർണ വിലയെ സ്വാധീനിച്ചു. വ്യാഴാഴ്ച സ്വർണ വില 3216.41 ഡോളറിലേക്ക് താഴ്ന്നിരുന്നു. ഏപ്രിൽ 14 ന് ശേഷമുള്ള താഴ്ന്ന നിലവാരണിത്. ഈ താഴ്ന്ന നിലവാരത്തിൽ നിന്നും മുന്നേറിയ സ്വർണ വില 3241 ഡോളറിലാണ്. ഏപ്രിൽ 22 ന് രേഖപ്പെടുത്തിയ 3500 ഡോളറാണ് സർവകാല ഉയരം.

പാകിസ്ഥാനെ ആക്രമിച്ചാൽ ഇന്ത്യൻ സംസ്ഥാനങ്ങളെ ബംഗ്ലാദേശ് പിടിച്ചടക്കണം

ചൈനയെ കൂട്ടുപിടിക്കണം: മുൻ മേജർ ജനറൽ

ധാക്ക: പഹൽഗാം ഭീകരാക്രണമത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്ഥാനെ ഇന്ത്യ ആക്രമിച്ചാൽ ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ബംഗ്ലാദേശ് അധിനിവേശം നടത്തണമെന്ന് ഇടക്കാല സർക്കാരിലെ മുതിർന്ന ഉദ്യോഗസ്ഥനും വിരമിച്ച മേജർ ജനറലുമായ എഎൽഎം ഫസ്‌ലുർ റഹ്മാൻ. ഇതിന് ചൈനയുടെ സഹായം തേടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ബംഗ്ലാദേശ് റൈഫിൾസിന്റെ മുൻ തലവൻ കൂടിയാണ് ഫസ്‌ലുർ റഹ്മാൻ. രാജ്യം വിട്ടോടിയ മുൻ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് അഭയം നൽകിയതുമായി ബന്ധപ്പെട്ട് ഇന്ത്യയുമായുള്ള ബന്ധത്തിലെ ഉലച്ചിലുകൾ നേരെയാക്കാൻ ശ്രമിക്കുന്നതിനിടെയാണ് വിവാദ പ്രസ്താവനയുമായി ഫസ്‌ലുർ റഹ്മാൻ രംഗത്തെത്തിയത്.

'ഇന്ത്യ പാകിസ്ഥാനെ ആക്രമിച്ചാൽ, ബംഗ്ലാദേശ് വടക്കുകിഴക്കൻ ഇന്ത്യയിലെ ഏഴ് സംസ്ഥാനങ്ങൾ പിടിച്ചെടുക്കണം. ഇക്കാര്യത്തിൽ സംയുക്ത സൈനിക ക്രമീകരണത്തെക്കുറിച്ച് ചൈനയുമായി ചർച്ചകൾ ആരംഭിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു' എന്നാണ് ഫേസ്ബുക്ക് പോസ്റ്റിൽ ഫസ്‌ലുർ റഹ്മാൻ പറഞ്ഞത്. എന്നാൽ പ്രസ്താവനയെ ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ അനുകൂലിക്കുന്നില്ല. പരാമർശം തികച്ചും വ്യക്തിപരമാണെന്നായിരുന്നു സർക്കാർ പ്രതികരണം. ഫസ്‌ലുർ റഹ്മാന്റെ അഭിപ്രായങ്ങൾ ബംഗ്ലാദേശ് സർക്കാരിന്റെ നയങ്ങളെയോ നിലപാടുകളെയോ പ്രതിഫലിപ്പിക്കുന്നതല്ല. അതിനാൽത്തന്നെ അത്തരത്തിലുള്ള ഏതെങ്കിലും പ്രസ്താവനകളെ അംഗീകരിക്കുകയോ പിന്തുണയ്ക്കുകയോ ഇല്ല എന്നാണ് സർക്കാർ വൃത്തങ്ങൾ പറയുന്നത്.

ഫസ്‌ലുർ റഹ്മാന്റെ പ്രസ്താവനയെ തള്ളിക്കളഞ്ഞെങ്കിലും നേരത്തേയും പ്രകോപനപരമായ ചില പ്രസ്താവനകൾ സർക്കാരിന്റെ മുഖ്യ ഉപദേശകനായ മുഹമ്മദ് യൂനുസ് നടത്തിയിരുന്നു. ഇന്ത്യയുടെ 7 വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ അതിർത്തികൾ കരയാണെന്നും തന്റെ രാജ്യത്തു കൂടിയല്ലാതെ കടലിൽ എത്താൻ മാർഗമില്ലെന്നും ചൈന സന്ദർശനവേളയിൽ യൂനുസ് പറഞ്ഞിരുന്നു. ഇക്കഴിഞ്ഞ മാർച്ചിലാണ് അദ്ദേഹം ചൈന സന്ദർശിച്ചത്. ചൈനയിൽ തന്നെ നടന്ന ഒരു ബിസിനസ് ഇവന്റിൽ ധാക്കയെ ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഏക സംരക്ഷകൻ എന്ന് വിശേഷിപ്പിച്ച യൂനുസ് ബംഗ്ലാദേശിലൂടെ ലോകമെമ്പാടും ചരക്കുകൾ അയയ്ക്കാൻ ബീജിംഗിനെ ക്ഷണിക്കുകയും ചെയ്തു. വിവാദ പരാമർശത്തിന് പിന്നാലെ മിഡിൽ ഈസ്റ്റ്, യൂറോപ്പ്, നേപ്പാൾ, ഭൂട്ടാൻ ഒഴികെയുള്ള മറ്റ് രാജ്യങ്ങളിലേക്ക് ചരക്ക് കയറ്റുമതി ചെയ്യുന്നതിന് ബംഗ്ലാദേശിന് അനുവദിച്ചിരുന്ന ട്രാൻസ്ഷിപ്പ്മെന്റ് സൗകര്യം ഏപ്രിലിൽ ഇന്ത്യ പിൻവലിച്ചിരുന്നു.

2009ലെ ബംഗ്ലാദേശ് റൈഫിൾസ് കലാപത്തിനിടെയുണ്ടായ കൊലപാതകങ്ങൾ അന്വേഷിക്കാനാണ് 2024ൽ ഇടക്കാല സർക്കാർ ദേശീയ സ്വതന്ത്ര കമ്മീഷൻ ചെയർമാനായി ഫസ്‌ലുർ റഹ്മാനെ നിയമിച്ചത്. സർക്കാർ ഉന്നതരോട് ഏറെ അടുത്ത ബന്ധം പുലർത്തുന്ന വ്യക്തിയാണ് ഫസ്‌ലുർ റഹ്മാൻ.

'രാജ്യസുരക്ഷ പ്രധാനം'; പാകിസ്താനിൽനിന്നുള്ള ഇറക്കുമതിക്ക് വിലക്ക്; നടപടികൾ കടുപ്പിച്ച് ഇന്ത്യ

ന്യൂഡൽഹി: പാകിസ്താനിൽനിന്നുള്ള ഉത്പന്നങ്ങളുടെ നേരിട്ടോ അല്ലാതെയോ ഉള്ള ഇറക്കുമതി തടഞ്ഞ് ഇന്ത്യ. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൽ നിന്നാണ് ഇതുസംബന്ധിച്ച് ഉത്തരവ് പുറത്തിറക്കിയിരിക്കുന്നത്. ഉത്തരവ് എത്രയുംവേഗം നടപ്പിലാക്കുമെന്ന് വിദേശവാണിജ്യ വകുപ്പിന്റെ ഡയറക്ടർ ജനറൽ സന്തോഷ് കുമാർ സാരംഗി അറിയിച്ചു.

കേന്ദ്രസർക്കാർ 2023-ൽ പുറത്തിറക്കിയ വിദേശ വ്യാപാര നയത്തിൽ ഇതുസംബന്ധിച്ച പുതിയ വിവരം ഉൾപ്പെടുത്തിയാണ് പുതുക്കിയ പ്രസ്താവന ഇറക്കിയിട്ടുള്ളത്. പാകിസ്താനിൽ ഉത്പാദിപ്പിക്കുകയോ, അവിടെനിന്ന് കയറ്റി അയയ്ക്കുകയോ ചെയ്തതായ വസ്തുക്കളുടെ നേരിട്ടോ അല്ലാതെയോ ഉള്ള ഇറക്കുമതി തടഞ്ഞുകൊണ്ടുള്ളതാണ് പുതിയ ഉത്തരവ്.

ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തൽസ്ഥിതി തുടരുമെന്നും ഉത്തരവിൽ പറയുന്നു. രാജ്യത്തിന്റെ സുരക്ഷയും പൊതുനയവും കണക്കിലെടുത്താണ് പുതിയ തീരുമാനം. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ലഭിക്കുന്ന സാഹചര്യങ്ങളിൽ മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള പ്രത്യേക ഇളവുകൾ ലഭിക്കുകയുള്ളൂ എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഏപ്രിൽ 29-ന് ജമ്മു-കശ്മീരിലെ പഹൽഗാമിൽ നടന്ന ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിലാണ് കേന്ദ്രസർക്കാരിന്റെ പുതിയ തീരുമാനം. ആക്രമണത്തിൽ വിനോദസഞ്ചാരികളടക്കം 26 പേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. ഇതിനുപിന്നാലെയാണ് ഇന്ത്യയും പാകിസ്താനും തമ്മിലുള്ള ബന്ധം വീണ്ടും വഷളായത്.

പാകിസ്താനെ സാമ്പത്തികമായും വരിഞ്ഞുമുറുക്കാൻ ഇന്ത്യ

ന്യൂഡൽഹി: പഹൽഗാം ഭീകരാക്രമണത്തിന് പിന്നാലെ പാകിസ്താനെ സാമ്പത്തികമായും വരിഞ്ഞുമുറുക്കാനുള്ള നീക്കങ്ങൾ ഇന്ത്യ ആരംഭിച്ചു. ഭീകരപ്രവർത്തനങ്ങൾ ചൂണ്ടിക്കാട്ടി പാകിസ്താന് അന്താരാഷ്ട്ര ബാങ്കുകളിൽനിന്ന് ലഭിക്കുന്ന വായ്പ തടയുകയാണ് ലക്ഷ്യംവെക്കുന്നത്.

'പാകിസ്താനുള്ള വായ്പകളും പിന്തുണയും പുനഃപരിശോധിക്കാൻ ഞങ്ങൾ എല്ലാ ബഹുരാഷ്ട്ര ഏജൻസികളോടും ആവശ്യപ്പെടും' കേന്ദ്ര സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

ലോക ബാങ്ക്, ഐഎംഎഫ്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുൾപ്പെടെയുള്ള എംഡിബികളെ നേരിട്ട് സമീപിക്കാനുള്ള നീക്കമാണ് നടത്തുന്നത്.

കഴിഞ്ഞ വർഷം അന്താരാഷ്ട്ര നാണയ നിധിയിൽനിന്ന് 7 ബില്യൺ ഡോളറിന്റെ പദ്ധതി പാകിസ്താൻ നേടിയെടുത്തിരുന്നു. ഇക്കഴിഞ്ഞ മാർച്ചിൽ 1.3 ബില്യൺ ഡോളറിന്റെ പുതിയ കാലാവസ്ഥാ പ്രതിരോധ വായ്പയും പാകിസ്താന് ലഭിച്ചിരുന്നു.

സാമ്പത്തികപ്രതിസന്ധിയിൽ വലയുന്ന പാകിസ്താന് ഇതിനിടെ സഹായധനം നൽകാനുള്ള അന്താരാഷ്ട്ര നാണ്യനിധി (ഐഎംഎഫ്) നീക്കവും നടക്കുന്നുണ്ട്. ഇതിനെ ഇന്ത്യ എതിർക്കും.

മേയ് 9നു ചേരുന്ന ഐഎംഎഫിന്റെ എക്സിക്യൂട്ടീവ് ബോർഡ് യോഗം ഇത് പരിഗണിക്കാനിരിക്കെയാണ് ഇക്കാര്യത്തിലുള്ള വിയോജിപ്പറിയിക്കാനുള്ള നീക്കം. പാകിസ്താന് അനുവദിക്കുന്ന ഫണ്ട് ഭീകരപ്രവർത്തനങ്ങൾക്കായി വകമാറ്റുകയാണെന്ന് ഇന്ത്യ ഉന്നയിക്കും.

ഭീകരവാദത്തിന് പണം ദുരുപയോഗംചെയ്യുന്നത് തടയാനായി രാജ്യാന്തരതലത്തിലുള്ള നിരീക്ഷകസംവിധാനമായ സാമ്പത്തിക കർമസമിതിയുടെ 'ഗ്രേ' പട്ടികയിൽ പാകിസ്താനെ ഉൾപ്പെടുത്താനുള്ള നീക്കവും ശക്തിപ്പെടുത്തും. ജമ്മു-കശ്മീരിലേക്ക് അനധികൃതപണത്തിന്റെ ഒഴുക്കിന് തടയിടുകയാണ് ലക്ഷ്യമെന്ന് കേന്ദ്രസർക്കാർ വൃത്തങ്ങൾ പറഞ്ഞു.

40 രാജ്യങ്ങളാണ് ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിൽ അംഗങ്ങൾ. ഇതിൽ പാകിസ്താനില്ല. ഇന്ത്യയുടെ നീക്കങ്ങൾക്ക് മറ്റുരാജ്യങ്ങളുടെ പിന്തുണവേണം. ഫെബ്രുവരി, ജൂൺ, ഒക്ടോബർ മാസങ്ങളിലായി മൂന്നുതവണയാണ് പ്ലീനറി ചേരുക. കള്ളപ്പണം വെളുപ്പിക്കൽ, ഭീകരവാദത്തിനെത്തുന്ന ധനസ്രോതസ്സ് തുടങ്ങി ഒരു രാജ്യം നേരിടുന്ന ഭീഷണിയുടെ അടിസ്ഥാനത്തിലാണ് ഗ്രേ ലിസ്റ്റിൽ പെടുത്തുന്നതിനാവശ്യമായ നാമനിർദേശം നടത്തേണ്ടത്. ഇതേ മാതൃകയിലുള്ള ഏഷ്യാ പസിഫിക് ഗ്രൂപ്പ് ഓഫ് മണി ലോണ്ടറിങ്ങിൽ പാകിസ്താനും അംഗത്വമുണ്ട്. ഇന്ത്യ രണ്ടുസമിതികളിലും അംഗമാണ്. ചില ഭീകരവാദികൾക്കെതിരേ നടപടിയെടുക്കാൻ പാകിസ്താൻ തയ്യാറായതിനെത്തുടർന്ന് 2022-ൽ ഗ്രേ പട്ടികയിൽനിന്ന് അവരെ ഒഴിവാക്കിയിരുന്നു.

വാക്സിൻ എടുത്തശേഷവും പേവിഷബാധ; 7വയസുകാരി ചികിത്സയിൽ

തിരു: വാക്സിൻ എടുത്തിട്ടും എഴുവയസുകാരിക്ക് പേവിഷബാധ സ്ഥിരീകരിച്ചു. നിലവിൽ തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ സ്ഥിതി ആശങ്കാജനകമാണ് എന്ന് അധികൃതർ വ്യക്തമാക്കി. കുട്ടിക്ക് ഇനി വാക്സിന്റെ അവസാന ഡോസ് മാത്രമേ എടുക്കാൻ ബാക്കി ഉണ്ടായിരുന്നുള്ളൂ. ഇതിനുമുമ്പാണ് കുട്ടിക്ക് പനി തുടങ്ങിയത്.

കൊല്ലം ജില്ലയിൽ വിളക്കുടിയിലെ വീട്ടിൽവെച്ച് ഏപ്രിൽ എട്ടാംതീയതിയാണ് കുട്ടിക്ക് തെരുവുനായയുടെ കടിയേറ്റത്. കുട്ടിയെ ഉടൻതന്നെ വിളക്കുടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്തിക്കുകയും പേവിഷബാധയ്ക്കുള്ള ഐഡിആർ വാക്സിൻ ആദ്യ ഡോസ് നൽകുകയും ചെയ്തിരുന്നുവെന്നാണ് പറയുന്നത്. കൂടാതെ ആന്റി സെറവും എടുത്തു. എന്നാൽ അവസാന ഡോസിനുമുമ്പ് കുട്ടിക്ക് പനി തുടങ്ങി.

ഇതോടെ മാതാപിതാക്കൾ കുട്ടിയെ പുനലൂർ താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. പിന്നാലെ ആരോഗ്യസ്ഥിതി മോശമായതോടെയാണ് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ എത്തിച്ചത്. ചികിത്സയുടെ കാര്യത്തിൽ ഒരുതരത്തിലുള്ള വീഴ്ചയും വരുത്താഞ്ഞിട്ടും എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന ആശങ്കയിലാണ് കുട്ടിയുടെ മാതാപിതാക്കൾ.

ദിസങ്ങൾക്ക് മുമ്പ് മലപ്പുറത്ത് തെരുവുനായയുടെ കടിയേറ്റതിനെ തുടർന്ന് പേവിഷബാധയുണ്ടായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന അഞ്ചരവസുകാരി മരിച്ചിരുന്നു. കടിയേറ്റതിന് പിന്നാലെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ച് ഐഡിആർബി വാക്സിൻ എടുത്തിരുന്നു. പിന്നീട് പേവിഷബാധ സ്ഥിരീകരിച്ച കുട്ടി വൈകാതെ മരണത്തിന് കീഴടങ്ങുകയായിരുന്നു.

കഴുത്തിന് മുകളിലേറ്റ പരിക്ക് ഗുരുതരവും ആഴത്തിലുള്ളത് ആയിരുന്നതിനാലുമാണ് വാക്സിൻ ഫലപ്രദമാകാത്ത സാഹചര്യമുണ്ടായത് എന്നായിരുന്നു ആരോഗ്യവിദഗ്ധരുടെ കണ്ടെത്തൽ.

തലയിൽ ആഴത്തിലുള്ള നാല് മുറിവുകളടക്കം 13 മുറിവുകളാണ് കുട്ടിയുടെ ശരീരത്തിൽ ഉണ്ടായിരുന്നത്. കുട്ടിക്ക് പ്രാഥമിക ചികിത്സ നൽകുന്നതിലും പിഴവ് സംഭവിച്ചതായി കുട്ടിയെ ചികിത്സിച്ച ഡോക്ടർമാർ വ്യക്തമാക്കിയിരുന്നു.

75 ലക്ഷം തട്ടി; മുൻ ആർടിഒ ക്കും ഭാര്യയ്ക്കുമെതിരെ ജാമ്യമില്ല വകുപ്പ് പ്രകാരം കേസ്

കൊച്ചി: കൈക്കൂലിക്കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്ത എറണാകുളം മുൻ ആർടി ഒയ്ക്കെതിരെ ജാമ്യമില്ല വകുപ്പ് ചുമത്തി കേസെടുത്ത് പൊലീസ്. എളമക്കര സ്വദേശി ടി. എം ജേഴ്സൺ ഭാര്യ റിയ എന്നിവർക്കെതിരെയാണ് കേസ്. കോടതിയുടെ നിർദ്ദേശപ്രകാരമാണ് കൊച്ചി സെൻട്രൽ പോലീസിന്റെ നടപടി. വസ്ത്രവ്യാപാര സ്ഥാപനം തുടങ്ങാനെന്ന് പറഞ്ഞ് ഇടപ്പള്ളി സ്വദേശിയിൽ നിന്ന് 75 ലക്ഷം രൂപയാണ് തട്ടിയത്.

സ്ഥാപനം തുടങ്ങിയ ശേഷം പാർട്ണർഷിപ്പിൽ നിന്ന് ഒഴിവാക്കിയെന്നും പണം തിരികെ ചോദിച്ചപ്പോൾ ജേഴ്സൺ ഭീഷണിപ്പെടുത്തിയെന്നുമാണ് പരാതി. ജേഴ്സൺ ആർടിഒയായി ജോലി ചെയ്യുന്നതിനിടെ വാങ്ങിയ കൈക്കൂലി പണമാണ് ബിസിനസിൽ നിക്ഷേപിച്ചതെന്നാണ് വിജിലൻസിന്റെ നിഗമനം. സ്വകാര്യ ബസിന് പെർമിറ്റ് അനുവദിക്കാൻ കൈക്കൂലി വാങ്ങിയ ജേഴ്സനെ ഫെബ്രുവരിയിലാണ് വിജിലൻസ് അറസ്റ്റ് ചെയ്തത്. തുടർന്ന് സസ്പെൻഷനിലാണ് മുൻ ആർടിഒ.

നിയന്ത്രണംവിട്ട സ്കൂട്ടർ റോഡരികിൽ കുട്ടിയിട്ടിരുന്ന പൈപ്പിൽത്തട്ടി മറിഞ്ഞു; യുവതിയും കുഞ്ഞും മരിച്ചു

കല്ലേക്കാട്: പാലക്കാട്ട് സ്കൂട്ടർ മറിഞ്ഞ് അമ്മയും കുഞ്ഞും മരിച്ചു. കൽപാത്തിക്കടുത്ത് നടുവക്കാട്ടുപാളയം സ്വദേശി അഞ്ജു (25), മകൻ ശ്രീയാൻ (മൂന്ന്) എന്നിവരാണ് മരിച്ചത്. സ്കൂട്ടറിൽ ഒപ്പമുണ്ടായിരുന്ന ചോളോട് സ്വദേശി സൂര്യലക്ഷ്മിക്ക് (24) നിസ്സാര പരിക്കേറ്റു. പാലക്കാട് കല്ലേക്കാട് കിഴക്കഞ്ചേരിക്കാവിന് സമീപം വെള്ളിയാഴ്ച രാവിലെ 11 മണിക്കാണ് അപകടമുണ്ടായത്.

ഒറ്റപ്പാലം വരിക്കാശ്ശേരിമനയിലേക്ക് പോകുന്നതിനിടെയാണ് അപകടമുണ്ടായതെന്ന് ബന്ധുക്കൾ പറഞ്ഞു. അഞ്ജു ഓടിച്ചിരുന്ന സ്കൂട്ടർ റോഡരികിൽ കൂട്ടിയിട്ടിരുന്ന പൈപ്പിൽത്തട്ടി മറിയുകയായിരുന്നു. ജൽജീവൻമിഷൻ പദ്ധതിയുടെ ഭാഗമായുള്ള ജല അതോറിറ്റിയുടെ മെറ്റൽ പൈപ്പിൽ തലയിടിച്ചാണ് വീണതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു.

അപകടസമയത്ത് അഞ്ജുവും സൂര്യലക്ഷ്മിയും ഹെൽമെറ്റ് ധരിച്ചിരുന്നു. പരിക്കേറ്റ മൂന്നുപേരെയും നാട്ടുകാർ ഉടൻ തന്നെ കല്ലേക്കാട്ടെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും അഞ്ജുവിന്റെയും ശ്രീയാന്റെയും ജീവൻ രക്ഷിക്കാനായില്ല. അഞ്ജുവിന്റെയും ശ്രീയാന്റെയും മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിൽ. ശനിയാഴ്ച രാവിലെ പോസ്റ്റ്മോർട്ടം നടക്കും.

നടുവക്കാട്ടുപാളയം സ്വദേശി ശരത്കുമാറാണ് അഞ്ജുവിന്റെ ഭർത്താവ്. പാലക്കാട്ടെ സ്വകാര്യസ്ഥാപനത്തിലെ ജീവനക്കാരനാണ്. മാട്ടുമന്തസ്വദേശി ചുമട്ടുതൊഴിലാളിയായ മണിയുടെയും സുമതിയുടെയും മകളാണ് അഞ്ജു. സഹോദരങ്ങൾ: മഞ്ജു, റിഞ്ജു.

ഹൈക്കമാൻഡ് നിൽക്കാൻ പറഞ്ഞാൽ നിൽക്കും മാറാൻ പറഞ്ഞാൽ മാറുമെന്നും സുധാകരൻ

കണ്ണൂർ: എ.ഐ.സി.സി നേതൃപദവിയിലേക്ക് ഉയർത്തിയ ശേഷം കെ.സുധാകരനെ കെ.പി.സി.സി അധ്യക്ഷസ്ഥാനത്ത് നിന്ന് നീക്കുമെന്ന അഭ്യൂഹങ്ങൾക്കിടെ പ്രതികരണവുമായി കെ.സുധാകരൻ.കെ.പി.സി.സി അധ്യക്ഷൻ മാറേണ്ട സാഹചര്യം നിലവിൽ ഇല്ലെന്നും ഹൈക്കമാൻഡ് ഇതുവരെ അങ്ങനെയൊന്ന് നിർദേശിച്ചിട്ടില്ലെന്നും സുധാകരൻ വ്യക്തമാക്കി. വെള്ളിയാഴ്ച ഡൽഹിയിൽ നടന്ന ചർച്ചയിൽ താൻ തൃപ്തനാണെന്നും ഹൈക്കമാൻഡ് നിൽക്കാൻ പറഞ്ഞാൽ നിൽക്കും മാറാൻ പറഞ്ഞാൽ മാറുമെന്നും സുധാകരൻ വ്യക്തമാക്കി.

കോഴിക്കോട് മെഡിക്കൽ കോളേജ് ഐസിയുവിലെ പുക; 5 രോഗികൾ മരിച്ച സംഭവത്തിൽ കേസെടുത്തു, ബിജെപി ഉപരോധം

കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിലുണ്ടായ പുകയെത്തുടർന്ന് അഞ്ച് രോഗികൾ മരിച്ച സംഭവത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് പൊലീസ് കേസെടുത്തു. ഗോപാലൻ, ഗംഗാധരൻ, സുരേന്ദ്രൻ, ഗംഗ, നസീറ എന്നിവരാണ് മരിച്ചത്. അസ്വാഭാവിക മരണത്തിനാണ് പൊലീസ് കേസെടുത്തിരിക്കുന്നത്. 5 രോഗികൾ പുക ശ്വസിച്ചും ശ്വാസം കിട്ടാതെയും മരിച്ചെന്ന ആരോപണത്തിലാണ് നടപടി.

മരണപ്പെട്ട 5പേരുടെയും മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്യാനുള്ള തീരുമാനത്തിലാണ് അധികൃതർ. പോസ്റ്റുമോർട്ടത്തിനുശേഷമേ മരണകാരണം വ്യക്തമാവുകയുള്ളൂവെന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. സജിത്ത് കുമാർ പറഞ്ഞു. അപകടമുണ്ടായ കെട്ടിടത്തിലെ മരുന്നുകൾ മാറ്റാൻ പ്രിൻസിപ്പൽ, പൊലീസിന്റെ സഹായം തേടിയിട്ടുണ്ട്. അത്യാഹിത വിഭാഗം ഒരുക്കിയ പഴയ കെട്ടിടത്തിലേക്കാണ് മരുന്നുകൾ മാറ്റുന്നത്.

ആശുപത്രിയിലുണ്ടായ പുക കാരണം രോഗികൾ മരിച്ചെന്ന ആരോപണം അധികൃതർ നിഷേധിച്ചിരുന്നു. മരിച്ച 5പേരിൽ ഒരാളെ ആശുപത്രിയിലേക്ക് കൊണ്ടുവന്നപ്പോഴേ മരണപ്പെട്ടിരുന്നുവെന്നും മറ്റുള്ളവർ അതീവ ഗുരുതരാവസ്ഥയിൽ ആയിരുന്നുവെന്നുമാണ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വിശദീകരിച്ചത്.

മെഡിക്കൽ കോളേജിലുണ്ടായ പുകയിൽ മരണം സംഭവിച്ചുവെന്ന് ടി. സിദ്ദിഖ് എംഎൽഎ ആരോപിച്ചതിന് പിന്നാലെയായിരുന്നു ആശുപത്രി അധികൃതരുടെ പ്രതികരണം. അതേസമയം, രോഗികൾ മരിച്ച സംഭവത്തിൽ രാവിലെ പ്രിൻസിപ്പലിന്റെ ഓഫീസ് ബിജെപി പ്രവർത്തകർ ഉപരോധിച്ചു.

അത്യാഹിതവിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിനകത്തെ യുപിഎസ് റൂമിൽനിന്നാണ് പുക ഉയർന്നത്. ഇന്നലെ രാത്രി എട്ടുമണിയോടെയായിരുന്നു സംഭവം. സംഭവത്തിൽ അന്വേഷണം നടത്താൻ മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകിയിട്ടുണ്ട്.യുപിഎസ് റൂമിൽ ഷോർട്ട് സർക്യൂട്ട് ഉണ്ടായെന്നാണ് പ്രാഥമിക നിഗമനമെന്ന് കളക്ടർ വ്യക്തമാക്കിയിരുന്നു. 200ലധികം രോഗികളെയാണ് ഇന്നലെ മാത്രം കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് മറ്റ് സർക്കാർ-സ്വകാര്യ ആശുപത്രികളിലേക്ക് മാറ്റിയത്.

ബിൻസിയുടെ സുഹൃത്തുക്കൾക്ക് സൂരജ് മരണസന്ദേശം അയച്ചു; കുവൈറ്റിൽ മലയാളി ദമ്പതികൾ മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്

കുവൈറ്റ് സിറ്റി: നഴ്സുമാരായ മലയാളി ദമ്പതികളെ കുവൈറ്റിലെ ഫ്ളാറ്റിൽ കുത്തേറ്റ് മരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കുവൈറ്റ് ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ ജാബിർ ആശുപത്രിയിലെ നഴ്സായ കണ്ണൂർ ശ്രീകണ്ഠപുരം നടുവിൽ സ്വദേശി സൂരജ് (40), ഡിഫൻസ് ആശുപത്രിയിൽ നഴ്സായ എറണാകുളം കോലഞ്ചേരി സ്വദേശി ബിൻസി (35) എന്നിവരാണ് മരിച്ചത്. കുടുംബവഴക്കിനിടെ സൂരജ്, ഭാര്യയെ കുത്തിക്കൊലപ്പെടുത്തിയ ശേഷം ജീവനൊടുക്കിയതായാണ് വിവരം. കൊലപാതകവുമായി ബന്ധപ്പെട്ട് ഇനിയും വിവരങ്ങൾ ലഭിക്കാനുണ്ട്.

ആക്രമം നടത്തുന്നതിന് മുൻപ് സൂരജ്, ഭാര്യയുടെ ചില സുഹൃത്തുക്കളുടെ ഫോണിലേക്ക് അവരുടെ മരണം സൂചിപ്പിക്കുന്ന ചില സന്ദേശങ്ങൾ അയച്ചതായി റിപ്പോർട്ടുണ്ട്. തുടർന്ന് സൂരജ്, ബിൻസിയെ കുത്തിക്കൊലപ്പെടുത്തി ജീവനൊടുക്കുകയായിരുന്നു. എന്നാൽ ദമ്പതികൾ പരസ്പരം കുത്തിക്കൊലപ്പെടുത്തിയെന്നായിരുന്നു ഇന്നലെ പുറത്തുവന്നത്. മലയാളികൾ തിങ്ങിപ്പാർക്കുന്ന അബ്ബാസിയയിലെ ജലീബ് അൽ ഷുയൂഖിലായിരുന്നു ഇരുവരും താമസിച്ചിരുന്നത്. ഇവർ തമ്മിൽ വഴക്കുണ്ടായതായും ബിൻസി സഹായത്തിനായി നിലവിളിച്ചതായും സമീപവാസികൾ പബ്ലിക് പ്രോസിക്യൂഷന് മൊഴി നൽകിയിട്ടുണ്ട്. പൊലീസ് പലതവണ വാതിലിൽ മുട്ടിയെങ്കിലും പ്രതികരണം ഉണ്ടായിരുന്നില്ല. തുടർന്ന് വാതിൽ പൊളിച്ച് അകത്തുകടക്കുകയായിരുന്നു.

നൈറ്റ് ഡ്യൂട്ടിക്കുശേഷം സൂരജ് മടങ്ങി എത്തിയതിന് പിന്നാലെയാണ് വഴക്കുണ്ടായത്. ഇവർക്കിടയിൽ ചില പ്രശ്നങ്ങൾ ഉള്ളതായി സംശയം തോന്നിയിട്ടുണ്ടെന്നും സമീപവാസികൾ പറയുന്നു. നാട്ടിൽ പഠിക്കുന്ന മക്കളെ അവധിയായതിനാൽ ദമ്പതികൾ കഴിഞ്ഞ മാസം കുവൈറ്റിൽ കൊണ്ടുവന്നിരുന്നു. മക്കളെ നാട്ടിൽ എത്തിച്ചതിനു ശേഷം നാല് ദിവസം മുൻപാണ് സൂരജ് തിരികെ കുവൈറ്റിൽ എത്തിയത്. ദമ്പതികൾ ഓസ്ട്രേലിയയിലേക്ക് കുടിയേറാൻ തയാറെടുപ്പു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

തൃശ്ശൂർ അർബ്ബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് തീരുമാനങ്ങൾ റദ്ദാക്കി സർക്കാർ ഉത്തരവ്

തിരു : സഹകരണ വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട്, തൃശ്ശൂർ അർബ്ബൻ കോ ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് നടപ്പാക്കിയ തീരുമാനങ്ങൾ റദ്ദാക്കി സർക്കാർ ഉത്തരവായിരിക്കുന്നു. ബാങ്കിന്റെ ഓഹരി ഉടമ ആന്റോറാ ഡി.ഒല്ലൂക്കാരൻ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് നൽകിയ പരാതികളിൽ നടപടി ഉണ്ടായില്ല. ഹൈകോടതിയിൽ നൽകിയ പരാതിയിൽ, സഹകരണ വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറിക്ക്, പരാതിക്കാരനെ കേട്ട് സർക്കാർ ഉത്തരവ് നൽകണമെന്ന് നിർദ്ദേശിക്കുകയായിരുന്നു. വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ നിലവിലെ ക്ലാസ്സിഫിക്കേഷൻ പുനഃനിർണ്ണയിക്കാതെയും, ജീവനക്കാർക്ക് ശമ്പളങ്ങളും മറ്റു ആനുകൂല്യങ്ങളും നൽകിയതും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാകയാൽ ബാങ്ക് ഡയറക്ടർ ബോർഡ് തീരുമാനങ്ങൾ റദ്ദാക്കി കൊണ്ടും ആന്റോറാ ഡി.ഒല്ലൂക്കാരൻ നൽകിയ പരാതി ശരിവെച്ചു കൊണ്ടാണ് സർക്കാർ ഉത്തരവ്.

13.05.1987ലെ 20/1987 നമ്പർ സർക്കുലർ പ്രകാരം പ്രായ പരിധി കഴിഞ്ഞ് പെൻഷൻപറ്റിയ ജീവനക്കാരെ നിയമിക്കരുതെന്നും, സഹകരണ സംഘം 53/2013 നമ്പർ സർക്കുലർ മാനദണ്ഡങ്ങൾ പ്രകാരം, ബാങ്കിന്റെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിക്കണമെന്നും ആയതിനനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ, ഫീഡർ കാറ്റഗറി, റൂൾസ് എന്നിവയ്ക്ക് അംഗീകാരം വാങ്ങേണ്ടതും തസ്തികകളുടെ എണ്ണം നിജപ്പെടുത്തിയും, ഒഴിവുകൾ തിട്ടപ്പെടുത്തിയതിനു ശേഷം മാത്രം ബാങ്കിൽ പുതിയ നിയമനം നടത്താവു എന്നും ജോയിന്റ് രജിസ്ട്രാറുടെ നിർദ്ദേശം ബാങ്ക് പാലിച്ചിട്ടില്ലാത്തതാകുന്നു. റി ക്ലാസിഫിക്കേഷൻ നടപടി പൂർത്തിയാക്കാതെ ഉയർന്ന ക്ലാസിഫിക്കേഷനിലുള്ള തസ്തികയുടെ ആനുകൂല്യങ്ങൾ കൈപറ്റുന്നതായും നിക്ഷേപത്തിൽ നിന്നും ജീവനക്കാർക്ക് ശമ്പളം നൽകുന്നത് തടഞ്ഞുകൊണ്ടുള്ള സഹകരണ സംഘം രജിസ്ട്രാറുടെ 73/2013 നമ്പർ സർക്കുലർ നിർദ്ദേശം, ബാങ്ക് ഡയറക്ടർ ബോർഡ് പാലിച്ചിട്ടില്ലാത്തതായും ആന്റോറാ ഡി.ഒല്ലൂക്കാരൻ, ഹിയറിങ്ങിൽ ബോദ്ധ്യപ്പെട്ടുത്തിയത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവായത്.

വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് തൃശ്ശൂർ സ്വദേശിനിയിൽ നിന്ന് പണം തട്ടിയ യുവതി പിടിയിൽ

തൃശൂർ :വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത്പണം തട്ടിയ യുവതി പിടിയിൽ. പത്തനംതിട്ട സ്വദേശി കാർത്തിക പ്രദീപിനെയാണ് എറണാകുളം സെൻട്രൽ പൊലീസ് പിടികൂടിയത്.ടേക്ക് ഓഫ് ഓവർസീസ് എഡ്യൂക്കേഷണൽ കൺസൾട്ടൻസി ഉടമയാണ് കാർത്തിക പ്രദീപ്. യു.കെ അടക്കമുള്ള രാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്താണ് യുവതി തട്ടിപ്പ് നടത്തിയിരുന്നത്.

തൃശ്ശൂർ സ്വദേശിനിയായ യുവതിയാണ് പരാതിക്കാരി. യുകെയിൽ സോഷ്യൽ വർക്കർ ജോലി നൽകാമെന്നു പറഞ്ഞ് പല തവണയായി 5.23 ലക്ഷം രൂപ കൈപ്പറ്റിയതായാണ് കേസ്. 2024 ഓഗസ്റ്റ് 26 മുതൽ ഡിസംബർ 14 വരെയുള്ള കാലയളവിലാണ് ബാങ്ക് അക്കൗണ്ട് വഴിയും ഓൺലൈൻ ഇടപാടിലൂടെയും പരാതിക്കാരി പണം നൽകിയത്.

സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നായി ഇത്തരത്തിൽ കാർത്തികയ്ക്ക് എതിരെ പരാതി ലഭിച്ചതായി പൊലീസ് പറയുന്നു. ഇവർക്കെതിരെ 10 ജില്ലകളിലെ പൊലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

'സ്ത്രീ സൗഖ്യം ആയുർവേദത്തിലൂടെ': സ്ത്രീകൾക്കായി ക്ലാസ്സ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട : കൊരുമ്പിശ്ശേരി റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 'സ്ത്രീ സൗഖ്യം ആയുർവേദത്തിലൂടെ' എന്ന വിഷയത്തെക്കുറിച്ച് സ്ത്രീകൾക്കായി ക്ലാസ്സ് സംഘടിപ്പിച്ചു.

യോഗത്തിൽ അസോസിയേഷൻ പ്രസിഡന്റ് രാജീവ് മുല്ലപ്പിള്ളി അധ്യക്ഷത വഹിച്ചു.

സഞ്ജീവനി ആയുർവേദ ക്ലിനിക്കിലെ ചീഫ് ഫിസിഷ്യൻ ഡോ. എം. ഇന്ദിരാദേവിയാണ് ക്ലാസ് നയിച്ചത്. സെക്രട്ടറി കെ. ഗിരിജ സ്വാഗതവും ബിന്ദു ജിനൻ നന്ദിയും പറഞ്ഞു.

പുരത്തിന് പൂങ്കുന്നത്ത് താൽക്കാലിക സ്റ്റോപ്പുകൾ

തൃശ്ശൂർ: പ്രസിദ്ധമായ തൃശ്ശൂർ പൂരത്തിന് ഒരു നൂറ്റാണ്ടിലധികമായുള്ള പതിവ് ഇക്കുറിയും തെറ്റിയ്ക്കാതെ റെയിൽവേ. പൂരത്തിന് ഈ വർഷവും താൽക്കാലിക സ്റ്റോപ്പുകളും അധിക സൗകര്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. 16305/16306 എറണാകുളം - കണ്ണൂർ ഇന്റർസിറ്റി, 16307/16308 കണ്ണൂർ - ആലപ്പുഴ എക്സിക്യൂട്ടീവ്, 16301/16302 തിരുവനന്തപുരം-ഷൊർണ്ണൂർ വേണാട്, 16791/16792 തൂത്തുക്കുടി - പാലക്കാട് പാലരുവി എന്നീ എക്സ് പ്രസ്സ് തീവണ്ടികൾക്ക് മെയ് 6, 7 (ചൊവ്വ, ബുധൻ) ദിവസങ്ങളിൽ ഇരുദിശകളിലും പൂങ്കുന്നത്ത് താൽക്കാലിക സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

ഇതിന് പുറമെ തൃശ്ശൂർ, പൂങ്കുന്നം സ്റ്റേഷനുകളിൽ അധിക ടിക്കറ്റ് കൗണ്ടറുകൾ പ്രവർത്തിയ്ക്കുന്നതാണ്. സ്റ്റേഷനുകളിൽ കൂടുതൽ പ്രകാശസംവിധാനം, കുടിവെള്ളം എന്നിവയും ഒരുക്കും. യാത്രികരുടെ സഹായത്തിനും സുരക്ഷയ്ക്കുമായി കൂടുതൽ പോലീസ്, റെയിൽവേ സുരക്ഷ സേനാംഗങ്ങളെയും റെയിൽവേ ഉദ്യോഗസ്ഥരെയും വിന്യസിക്കുന്നതാണെന്നും റെയിൽവേ അറിയിച്ചു. അനാവശ്യ തിരക്കും സമയനഷ്ടവും ഒഴിവാക്കുന്നതിന് യാത്രികർ 'യുടിഎസ് ഓൺ മൊബൈൽ' ആപ്പ് സൗകര്യം ടിക്കറ്റെടുക്കാൻ ഉപയോഗപ്പെടുത്തണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചു.

KACA സംസ്ഥാന ഫുട്ബോൾ ടൂർണ്ണമെന്റ്

തൃശ്ശൂർ: KACA സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി തൃശ്ശൂരിൽ വച്ച് നടത്തിയ സംസ്ഥാന ഫുട്ബോൾ ടൂർണ്ണമെന്റ് സംസ്ഥാന പ്രസിഡണ്ട് വി കെ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സന്തോഷ് ട്രോഫി കേരള ടീം കോച്ച് പീതാംബരൻ. M മുഖ്യാഥിതിയും മുൻ ഇന്ത്യൻ ഫുട്ബോൾ താരം അനിൽകുമാർ. P.K. സമ്മാനധാനവും നിർവഹിച്ചു.

സംസ്ഥാന സെക്രട്ടറി സന്തോഷ് P. V ചെയർമാൻ A. V. ഷിബു കൺവീനർ K. G. പ്രബീഷ് ജില്ലാ പ്രസിഡന്റ് ടിഎൻ രവീന്ദ്രൻ ജില്ലാ സെക്രട്ടറി വി വിശ്വനാഥൻ, P. L. ഷാജു തൃശൂർ യൂണിറ്റ് പ്രസിഡണ്ട് പി കെ പ്രദീപ്കുമാർ സെക്രട്ടറി സൂരജൻ ഉഷ ജോർജ് ചാവക്കാട് പ്രസിഡണ്ട് അജിത്ത്കുമാർ ഫുട്ബോൾ മത്സരത്തിൽ തൃശൂർ യൂണിറ്റ് കിരീടം കരസ്ഥമാക്കി.

എം ഡി എം എ യുമായി 2 പേർ അറസ്റ്റിൽ

പുതുക്കാട്: കൊടകര മേൽപ്പാലത്തിനു സമീപം 180 ഗ്രാം എം ഡി എം എ പിടികൂടി. ഇരിങ്ങാലക്കുട സ്വദേശി ദീപക് രാജു, എറണാകുളം സ്വദേശിനി ദിക്ഷിയ എന്നിവരെ അറസ്റ്റ് ചെയ്തു. ബാംഗ്ലൂരിൽ നിന്നാണ് മയക്കുമരുന്ന് എത്തിച്ചതെന്നറിയുന്നു.

കുഴഞ്ഞുവീണ് മരിച്ചു

പുതുക്കാട്: അങ്കമാലി സ്വദേശി പാറക്കടവ് മാനാടൻ മത്തായി മകൻ വർഗ്ഗീസ് (72) കുഴഞ്ഞുവീണ് മരിച്ചു. പുതുക്കാട് പോലീസ് മേൽ നടപടി സ്വീകരിച്ചു.

കോടതി പരസ്യം

ബഹു. തൃശൂർ പ്രിൻസിപ്പൽ ജില്ലാ കോടതി മുമ്പാകെ

TOP: 203/2020

വി. ബി. ഷീബ -ഹരജിക്കാരി

1) വേലായുധൻ നായർ, S/o. ലക്ഷ്മികുട്ടിഅമ്മ, തിയ്യാടി ഹൗസ്, നാദാപുരം വില്ലേജ്, കല്ലാച്ചി ദേശം, വടകര, കോഴിക്കോട്

2) സി രാമകൃഷ്ണൻ S/o. കല്യാണിഅമ്മ, ചാക്യാത്ത് ഹൗസ്, പൂങ്കുന്നം, തൃശൂർ.

3) ഗീത, D/o. പാർവ്വതി അമ്മ, തിയ്യാടി ഹൗസ്, പി ഒ. പൂത്തോൾ, തൃശൂർ

-3, 5, 8 എതൃകക്ഷികൾ

മേൽ നമ്പറിൽ 3, 5, 8 എതൃകക്ഷികൾക്കുള്ള നോട്ടീസ് സ്ഥലത്തും കോടതിയിലും പതിച്ചുനടത്തുന്നതിനായി **22-05-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം 3, 5, 8 എതൃകക്ഷികളെ സംബന്ധിച്ച് ഹരജി തീർപ്പാക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു

എന്ന്, 28-04-2025

ഹരജിഭാഗം അഡ്വക്കേറ്റ്

എ കെ ബാബുരാജ് (ഒപ്പ്)

പാവറട്ടി തിരുനാളിന് എല്ലാ സൗകര്യങ്ങളും ഒരുക്കും: മന്ത്രി കെ. രാജൻ

പാവറട്ടി: തിരുനാളിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി സുഗമമായി തിരുനാളിൽ പങ്കെടുക്കുന്നതിന് എല്ലാവർക്കും സാഹചര്യം ഒരുക്കുമെന്ന് റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി കെ രാജൻ പറഞ്ഞു. പാവറട്ടി തിരുനാൾ സുരക്ഷ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഉത്സവങ്ങളിലെല്ലാം ജനപങ്കാളിത്തം വർധിച്ചുവരികയാണ്. കൃത്യമായ മാലിന്യ സംസ്കരണം ഉറപ്പുവരുത്തി ഗ്രീൻ പ്രോട്ടോകോൾ പാലിക്കാനും ആഘോഷങ്ങളെ ലഹരിമുക്തമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മെയ് 9, 10, 11 തിയതികളിലാണ് 149-ാ മത് പാവറട്ടി തിരുനാൾ. തിരുനാളുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടവും വിവിധ സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൈക്കൊണ്ട പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ആവശ്യമായ സുരക്ഷാ മുൻകരുതലുകളും ചർച്ച ചെയ്തു.

പി.ഡബ്ല്യൂ. ഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവിഭാഗം, എക്സൈസ്, കെ.എസ്.ഇ. ബി, ഫയർ ആൻഡ് റെസ്ക്യൂ, വാട്ടർ അതോറിറ്റി തുടങ്ങിയ അടിയന്തര സേവനങ്ങൾ ഒരുക്കുന്ന വകുപ്പുകളെ ഏകോപിപ്പിച്ച് തിരുനാൾ ദിവസങ്ങളിൽ പ്രത്യേക കൺട്രോൾ റൂം തുറക്കുവാൻ മന്ത്രി നിർദ്ദേശം നൽകി.

ഉഷ്ണ തരംഗ സാധ്യത കണക്കിലെടുത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം ലഭ്യത ഉറപ്പുവരുത്താനും, ആവശ്യമായ ഗതാഗത നിയന്ത്രണം, പാർക്കിംഗ്, ആംബുലൻസ്, ഫയർ ആൻഡ് റെസ്ക്യൂ സേവനം, എമർജൻസി കൗണ്ടർ, മെഡിക്കൽ റൂം, സമീപപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ വിഷയങ്ങളും യോഗം ചർച്ച ചെയ്തു.

പാവറട്ടി പള്ളിയിൽ ചേർന്ന തിരുനാൾ സുരക്ഷാ അവലോകനയോഗത്തിൽ മുരളി പെരുനല്ലി എം.എൽ.എ, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, സിറ്റി പോലീസ് കമ്മീഷണർ ആർ. ഇളങ്കോ, പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എം റെജീന, പാവറട്ടി തീർത്ഥാടനകേന്ദ്രം റെക്ടർ റവ. ഫാ ആന്റണി ചെമ്പകശ്ശേരി, പാവറട്ടി തീർത്ഥാടനകേന്ദ്രം ട്രസ്റ്റി ഒ.ജെ ഷാജൻ, വിവിധ സർക്കാർ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, തിരുനാൾ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

KJU കൊടുങ്ങല്ലൂർ മേഖല കമ്മിറ്റി സ്ഥാപകദിനം ആചരിച്ചു. കൊടുങ്ങല്ലൂർ വടക്കെ നടയിൽ ജില്ലാ ട്രഷറർ എൻപി. ഉദയകുമാർ പതാക ഉയർത്തി. ജില്ലാ കമ്മിറ്റിയംഗം ടി. എ. നൗഷാദ്, കുഞ്ഞിമുഹമ്മദ് കണ്ണാംകുളത്ത്, നജീബ് എന്നിവർ സംസാരിച്ചു.

ഗതാഗത നിയന്ത്രണം

തൃശ്ശൂർ- തൃപ്രയാർ റോഡിൽ ചിറക്കൽ പാലത്തിന്റെ പുനർനിർമാണം മൺസൂണിന് മുൻപ് പൂർണതോതിൽ നടത്തുന്നതിനായി മെയ് അഞ്ച് മുതൽ താത്കാലിക പാലത്തിലൂടെയുള്ള വാഹനഗതാഗതം പൂർണ്ണമായും നിരോധിക്കുമെന്നും പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

സംസ്ഥാനത്ത് ഇന്നും അതിശക്തമായ മഴ തുടരും; ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശം

തൃശൂർ : സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു . അടുത്ത മൂന്ന് മണിക്കൂറിൽ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ട്. തിരുവനന്തപുരം, കൊല്ലം, കാസർകോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കഴിഞ്ഞ ദിവസം സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ശക്തമായ മഴ ലഭിച്ചിരുന്നു.

അതിനിടെ, അത്യാഹിത വിഭാഗം മുഴുവനും പൊലീസ് സീൽ ചെയ്തു. അപകടം ഉണ്ടായ ബ്ലോക്ക് ആണ് അടച്ചത്. എന്താണ് സംഭവിച്ചത് എന്നു അന്വേഷിച്ചു കണ്ടെത്തിയ ശേഷം മാത്രമേ തുറക്കൂ. അതേസമയം, കോഴിക്കോട് ബീച്ച് ഹോസ്പിറ്റലിൽ അത്യാഹിത സേവനം ലഭ്യമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനം കൂടി ഇവിടെ ലഭ്യമാക്കും.

അതേസമയം, അടുത്ത അഞ്ച് ദിവസത്തെ മഴ സാദ്ധ്യത പ്രവചനത്തിൽ കാലാവസ്ഥ വകുപ്പ് വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. മെയ് ആറിന് പത്തനംതിട്ട, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലാണ് മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാദ്ധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കാനാണ് സാദ്ധ്യത.

2025 മേയ് അഞ്ച്, ആറ് തീയതികളിൽ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും മേയ് മൂന്ന്, നാല് തീയതികളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഭിന്നശേഷി അധ്യാപക നിയമനം ഉടൻ നടത്തണം. സർക്കാർ ഉത്തരവുകൾ ഹൈക്കോടതി ശരിവച്ചു

തൃശൂർ :സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി ക്കാർക്കായി നീക്കിവച്ച തസ്തികകളിൽ സർക്കാർ ഉത്തരവുകൾ പ്രകാരം സംവരണം പാലിച്ച് നിയമനം നടത്താൻ ഹൈക്കോടതി നിർദേശിച്ചു ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും സർക്കുലറുകളും ഹൈക്കോടതി ശരിവച്ചു. ഉടൻ നിയമനം നടത്താൻ സ്കൂൾ മാനേജ്മെന്റുകൾക്ക് സർക്കാർ നിർദേശം നൽകണമെന്നും ജസ്റ്റിസ് ടി. ആർ രവി ഉത്തരവിട്ടു.

സർക്കാർ ഉത്തരവുകൾ നിയമവിരുദ്ധമാണെന്ന് ആരോപിച്ച് മാനേജ്മെന്റുകളും നിയമനം സ്ഥിരപ്പെടുത്തിക്കിട്ടാത്ത മറ്റ് അധ്യാപകരുമടക്കം നൽകിയ ഒരുകൂട്ടം ഹർജികൾ തീർപ്പാക്കിയാണ് ഉത്തരവ്. ഭിന്നശേഷിക്കാരുടെ ഒഴിവ് നികത്താനുള്ള അനുമതിക്കായി മാനേജ്മെന്റുകൾ നൽകുന്ന അപേക്ഷകളിൽ വിദ്യാഭ്യാസവകുപ്പ് അധികൃതർ ഒരുമാസത്തിനകം തീരുമാനമെടുക്കണം.

സ്കൂളുകളിൽ ഹയർ സെക്കൻഡറി, ഹൈസ്കൂൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഒറ്റയൂണിറ്റാക്കി കണക്കാക്കിവേണം ഒഴിവുകൾ നിശ്ചയിക്കാനെന്ന ഹർജിക്കാരുടെ ആവശ്യവും കോടതി തള്ളി. ഓരോ വിഭാഗത്തിലും നിശ്ചിത ശതമാനം തസ്തിക സൃഷ്ടിക്കണം. 25 ഉദ്യോഗാർഥികളുടെ ഒരു ബ്ലോക്കിൽ ആദ്യ നിയമനം ഭിന്നശേഷിക്കാർക്കായിരിക്കണമെന്ന സർക്കാർ ഉത്തരവും സിംഗിൾ ബെഞ്ച് ശരിവച്ചു. പ്രൈമറി സ്കൂളുകളിൽ ഉത്തരവ് ബാധകമാക്കരുതെന്ന മാനേജ്മെന്റുകളുടെ ആവശ്യവും കോടതി അംഗീകരിച്ചില്ല. അതേസമയം, സംരക്ഷിത പട്ടികയിലുള്ള (പ്രൊട്ടക്ടഡ്) അധ്യാപകർക്കായുള്ള തസ്തിക ഒഴിച്ചിട്ടുവേണം ഭിന്നശേഷിക്കാരുടെ നിയമനമെന്നും കോടതി വ്യക്തമാക്കി.

പൂമംഗലം പഞ്ചായത്തിലെ റോഡുകളുടെ നിർമാണ ഉദ്ഘാടനം മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൂമംഗലം ഗ്രാമപഞ്ചായത്തിൽ രണ്ടു റോഡുകളുടെ പഞ്ചായത്തുതല നിർമ്മാണോദ്ഘാടനം ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിച്ചു. എസ്.എൻ നഗർ റോഡ് (20ലക്ഷം), പായമ്മൽ റോഡ് (40 ലക്ഷം) എന്നീ റോഡുകളുടെ നിർമ്മാണോദ്ഘാടനമാണ് മന്ത്രി നിർവ്വഹിച്ചത്.

എടക്കുളം എസ്.എൻ നഗർ ഹെൽത്ത് വെൽനസ് സെന്ററിൽ നടന്ന പരിപാടിയിൽ പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എസ് തമ്പി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉണ്ണികൃഷ്ണൻ കുറ്റിപ്പറമ്പിൽ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കവിത സുരേഷ്, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുരേഷ് അമ്മനത്ത്, ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഹൃദ്യ അജീഷ്, വാർഡ് മെമ്പർമാരായ കെ.എൻ ജയരാജ്, ലതാ വിജയൻ, സന്ധ്യ വിജയൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

എം. എ. ആന്ത്രോപോളജി പ്രവേശനം

കണ്ണൂർ സർവകലാശാല ഡോ. ജാനകി അമ്മാൾ ക്യാമ്പസ്, പാലയാട് ഉള്ള ആന്ത്രോപോളജി പഠനവകുപ്പിൽ 2025-26 അധ്യയന വർഷത്തേക്കുള്ള എം. എ. ആന്ത്രോപോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 45 ശതമാനം മാർക്കോടുകൂടിയ ബിരുദമാണ് യോഗ്യത. റിസൾട്ട് കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ [illegible] എന്ന കണ്ണൂർ സർവകലാശാല വെബ്സൈറ്റിൽ മെയ് 15 നകം രജിസ്റ്റർ ചെയ്ത് അപേക്ഷിക്കണം. ഫോൺ 0497-2715261, 0497-2715286.

തെക്കെ തൊറവ് മഹത്മാഗാന്ധി കുടുംബ സംഗമം

പുതുക്കാട്: പുതുക്കാട് മണ്ഡലം കോൺഗ്രസ് 16 വാർഡ് തെക്കെ തൊറവ് മഹത്മാഗാന്ധി കുടുംബ സംഗമം ദളിത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സന്തോഷ് ഐത്താടൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് സെക്രട്ടറി വർഗ്ഗീസ് തെക്കേത്തല അദ്ധ്യക്ഷനായിരുന്നു ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പ്രസിഡന്റ് സുധൻ കാരയിൽ യുഡിഫ് കൺവീനർ സോമൻ മുത്രത്തിക്കര മണ്ഡലം പ്രസിഡന്റ് രാജു തളിയ പറമ്പിൽ ബ്ലോക്ക് വൈസ് പ്രസിഡന്റ് ഷാജു കാളിയേങ്കര ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ഷൈനി ജോജു, കെ ജെ ജോജു,എം ടി മുരളി,ലിൻസൻ പല്ലൻ എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി വാർഡ് പ്രസിഡന്റ്-ബിബിൻ കുറ്റിക്കാടൻ, വൈസ്.പ്രസിഡണ്ടുമാർ-മേരി ജോൺസൺ, മനോജ്.കെ.ആർ, ജനറൽ സെക്രട്ടറിമാർ-പോളി കുറ്റിക്കാടൻ-ജാൻസി വർഗ്ഗീസ്-ടിന്റോ ആന്റണി-ഹരി പേഴേരി-കെ.ആർ.രജിത്ത്, ട്രഷറർ-ജെർവീസ് ചെറുശ്ശേരി എന്നിവരെ തെരെഞ്ഞെടുത്തു.

ചങ്ങാത്ത കളരി സമാപിച്ചു

വെങ്ങിണിശ്ശേരി: പ്രത്യക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി അഡാപ്റ്റ് സൊസൈറ്റി നടത്തിയ സൗജന്യ ദശദിന ക്യാമ്പ് സമാപിച്ചു.

സി. സി. മുകുന്ദൻ എം. എൽ. എ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്തു. പാറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി വിനയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംഗീത സംവിധായകൻ വിദ്യാധരൻ മാസ്റ്റർ മുഖ്യാതിഥിയായി. സംസ്ഥാന ശിശുക്ഷേമ സമിതി അംഗം അനിൽ പരയ്ക്കാട് ഒരുക്കിയ നാടകം കുട്ടികൾ അവതരിപ്പിച്ചു. അഡാപ്റ്റ് സൊസൈറ്റി പ്രസിഡന്റ് എ.വി. സണ്ണി, സജിത്കുമാർ, എ.എം. വക്കച്ചൻ, ബിന്ദു കിഷോർ, ഡോ. സതീഷ് തുടങ്ങിയവർ സംസാരിച്ചു.

സ്കൂൾ പാചക തൊഴിലാളി ഓണറേറിയം കൂട്ടിയേക്കും

തൃശൂർ: പുതിയ അധ്യായന വർഷം തുടങ്ങുന്നതോടെ സംസ്ഥാന സ്കൂൾ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ സാധ്യത.കഴിഞ്ഞ ദിവസം ട്രേഡ് യൂണിയനുകൾ മന